# ജെൻഡർ വികസന പ്രവർത്തനങ്ങൾ

## സി ഡി എസ്സ് സംഗമം

## കോഴിക്കോട്

# പിന്നിട്ട വഴിത്താരകള്‍

- കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ സ്ത്രീകള്‍ കുടുംബശ്രീ പ്രവര്‍ത്തനങ്ങളില്‍ മാത്രം ഒതുങ്ങി കഴിയുന്നു
- സാമ്പത്തിക സ്വാശ്രയത്വം, വിഭവവിനിയോഗത്തിനുള്ള അവകാശം, ആസ്തികളുടെ ഉടമസ്ഥത, തീരുമാനം എടുക്കുന്നതിനുള്ള പങ്കാളിത്തവും അവകാശവും തുടങ്ങി സാമൂഹികവും സാമ്പത്തികവുമായ എല്ലാ ഘടകങ്ങളിലും സ്വയം നിര്‍ണ്ണയാവകാശവും ശേഷിയും കുടുംബശ്രീ അംഗങ്ങള്‍ ആര്‍ജ്ജിക്കുന്നതിനുള്ള പ്രവര്‍ത്തന പരിപാടികളും കുടുംബശ്രീ സംവിധാനത്തില്‍ ആവിഷ്കരിക്കേണ്ടതുണ്ട് എന്ന് തിരിച്ചറിഞ്ഞു.

# സ്ത്രീ പദവി - സ്വയം പഠന പ്രക്രിയയുടെ ആവശ്യകത

ഈ പശ്ചാത്തലത്തിലാണ് പതിനൊന്നാം പദ്ധതി കാലയളവിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ സ്ത്രീ –പുരുഷ പദവിയെക്കുറിച്ച് ഒരു സ്വയം പഠന പ്രക്രിയ (Gender Self Learning) ആവിഷ്കരിക്കാൻ തീരുമാനിച്ചത്

- ഓരോ വ്യക്തിയും സമൂഹത്തിൽ ഏതു പദവി യിൽ നിൽക്കുന്നു എന്ന അവബോധമാണ് ശാക്തീകരണത്തിന്റെ ആദ്യപടി.
- തിരിച്ചറിവിൽ നിന്നും സ്വയം ഉണ്ടാകേണ്ടതാണ് വീക്ഷണത്തിലെ മാറ്റം – അത് സ്വയം പഠിക്കേണ്ടതാണ്, പഠിപ്പിക്കേണ്ടതല്ല
- സ്വന്തം ജീവിത സാഹചര്യങ്ങളുടെ തിരിച്ചറിവ് പഠിക്കുവാനുള്ള സന്നദ്ധതയ്ക്ക് ആവശ്യമാണ്
- ഇതിന്റെ അടിസ്ഥാനത്തിലാണ് സ്ത്രീ പദവി സ്വയംപഠന പ്രക്രിയ എന്നൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

# പദ്ധതി - ലക്ഷ്യങ്ങൾ

- സ്ത്രീ പുരുഷ പദവിയുമായി ബന്ധപ്പെട്ട വൈരുധ്യങ്ങളെ സമൂഹത്തിനെ ബോധ്യപ്പെടുത്തുക എന്നതാണ് ഈ പഠന പ്രക്രിയയുടെ പ്രധാന ലക്ഷ്യം.
- പഠനവും വിശകലനവും സ്ത്രീകളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റി സമൂഹത്തിൽ നില മെച്ചപ്പെടുത്തുക
- കേരള സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം , അവകാശം , നീതി , തുല്യത തുടങ്ങിയ വിഷയങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നു.
- പൊതു മണ്ഡലത്തിൽ സ്ത്രീകൾക്കായുള്ള ഇടങ്ങളും അവസരങ്ങളും ബോധ്യപ്പെടുത്തികൊണ്ട് അവരെ അത് നേടിയെടുക്കാൻ പ്രാപ്തരാക്കുക.

# സ്ത്രീപദവി സ്വയംപഠന പ്രക്രിയ

- നിലനിൽക്കുന്ന സാമൂഹ്യ അവസ്ഥയേയും അധികാര ഘടനയേയും തങ്ങളുടെ വ്യക്തിപരവും സാമൂഹ്യവുമായ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീ പദവി സ്വയം വിശകലനം ചെയ്യുന്നതിനുള്ള ശേഷി കുടുംബശ്രീ പ്രവർത്തകർ ആർജ്ജിക്കുകയും ചെയ്യുന്നതിന് സഹായിക്കുക എന്നതാണ് ഈ പഠന പ്രക്രിയയുടെ ലക്ഷ്യം.

# പഠന പ്രക്രിയയുടെ നടത്തിപ്പ്

- പ്രധാനമായും നാല് ഘട്ടങ്ങൾ

1. റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തലും പരിശീലനവും
2. വാർഡ് തല പഠന സംഘങ്ങളുടെ രൂപീകരണം
3. അയൽക്കൂട്ട തലത്തിലുള്ള ചർച്ചയും സംവാദങ്ങളും
4. അയൽക്കൂട്ടതല വിവരശേഖരണവും ക്രോഡീകരണവും



# റിസോഴ്സ് ടീം

| കോർ ടീം | റിസോഴ്സ് പേഴ്സൺ | സപ്പോർട്ട് ടീം |
| --- | --- | --- |
| • ജില്ലാ തലം | • സി ഡി എസ്<br>• തലം | • ജില്ലാ തലം<br>• സി ഡി എസ് തലം<br>• എ ഡി എസ് തലം |

സ്ത്രീ പദവി സ്വയംപഠന പ്രക്രിയയുടെ റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിക്കുന്നവർ അനുഭവജ്ഞാനവും പ്രചേദനവും പകർന്ന് നൽകാൻ കഴിവുള്ളവരായിരിക്കണം.
പരിശീലനങ്ങൾ നൽകുകയും ഓരോ തലത്തിലുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുമാണ് റിസോഴ്സ് പേഴ്സൺമാരുടെ പ്രധാന കർത്തവ്യം
ജില്ലാ തലം, ബ്ലോക്ക് തലം, നഗരസഭാതലം, ഗ്രാമ പഞ്ചായത്ത് തലം , വാർഡ് തലം , അയൽക്കൂട്ടതല ഫെസിലിറ്റേറ്റർ എന്നീ നിലകളിലാണ് സ്ത്രീ പദവി സ്വയംപഠന പ്രക്രിയയുടെ റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിക്കുന്നവർ ഉള്ളത്
കൂടാതെ കമ്മ്യൂണിറ്റി കൗൺസിലർമാർ, പോർട്ടൽ മാസ്റ്റർ ട്രെയിനർമാർ, വിജിലന്റ് ഗ്രൂപ്പ് മെമ്പേർസ് എന്നിവരും റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിക്കുന്നു.

# പഠന സഹായി

- അയൽക്കൂട്ടതലത്തിൽ പഠനത്തിനും സംവാദങ്ങൾക്കുമായി നൽകുന്ന പാഠാവലിയെയാണ് പഠനസഹായി എന്നുപറയുന്നത്.
- ഓരോ പഠന സഹായിയും ഓരോ വിഷയത്തെ പൊതുവിൽ പരാമർശിക്കുന്നതും അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ളതുമായിരിക്കും
- ജീവിതാനുഭവങ്ങളുടേയും സാഹചര്യങ്ങളുടേയും ആവിഷ്കാരങ്ങളാണ് പഠന സഹായികൾ . അതുകൊണ്ട് തന്നെ നില നിൽക്കുന്ന വിവേചനങ്ങളെ അടുത്തറിയാൻ ഇത് സഹായിക്കും



# പദ്ധതിയുടെ നിർവഹണം സ്വാധീനം

- അയൽക്കൂട്ട തലങ്ങളിൽ ജീവിതാനുഭവവുമായി ബന്ധപ്പെടുത്തി ചർച്ചകളും വിശകലനങ്ങളും നടത്തിയപ്പോൾ അവകാശങ്ങളേയും അവകാശ നിഷേധങ്ങളേയും തിരിച്ചറിയാൻ അംഗങ്ങൾക്ക് സാധിച്ചു.
- ആരോഗ്യ പ്രശ്നങ്ങളാണ് തൊഴിലുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രധാന വെല്ലുവിളി എന്ന് ചർച്ചകളിലൂടെ നേടിയ തിരിച്ചറിവാണ് രണ്ടാം പഠനസഹായിയുടെ രൂപീകരണത്തിലേക്ക് നയിച്ചത്.
- വിവര സാങ്കേതിക മേഖലയും അഭിപ്രായ രൂപീകരണത്തിനും പങ്ക് വെക്കലിനും ഒരു പ്രധാന മാധ്യമമായി ഉപയോഗപ്പെടുത്താമെന്ന തിരിച്ചറിവിലാണ് ശ്രീശക്തി പോർട്ടൽ രൂപീകരണവും പ്രവർത്തനങ്ങളും നടന്നത്.

- സർവ്വേ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ കോർ ഗ്രൂപ്പ് മീറ്റിംഗുകൾ , റിസോഴ്സ് പേഴ്സൺമാരുടെ കൂടിയിരുപ്പുകൾ എന്നിവയ്ക് പുറമെ ജില്ലകളിലെ തനത് പ്രവർത്തനങ്ങളും പഠന സഹായി തയ്യാറാക്കുന്നതിന് മുതൽക്കൂട്ടായിട്ടുണ്ട്.
- കേന്ദ്രീകൃതമായ പ്രവർത്തന രൂപീകരണത്തിൽ നിന്നും ഏറെ മെച്ചപ്പെട്ട മാതൃക സൃഷ്ടിക്കാൻ വികേന്ദ്രീകൃത പ്രവർത്തനത്തിലൂടെ സാധിക്കും.
- ആവിഷ്കരിക്കുന്ന പദ്ധതികളോ പ്രവർത്തനങ്ങളോ പങ്ക് വെക്കുന്നതിനും, നവീകരിക്കുന്നതിനും ലാബ് പഞ്ചായത്തുകൾ മുഖ്യ പങ്ക് വഹിച്ചു.

# പഠനസഹായി അനുബന്ധപ്രവർത്തനങ്ങൾ



- അയൽക്കൂട്ട അംഗങ്ങൾ നടത്തിയ അനുഭവരചന പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു.
- ഇതിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പദവി പഠന റിപ്പോർട്ടുകൾ സ്ത്രീകളുടെ സാമൂഹിക ജീവിതത്തിൽ വന്ന മാറ്റങ്ങളും കുടുംബശ്രീ വഹിച്ച പങ്കും വ്യക്തമാക്കി
- ആശയങ്ങൾ പങ്കുവെക്കുന്നതിന് കലാപ്രകടനങ്ങൾ ഏറ്റവും ഫലപ്രദമായ മാർഗ്ഗമായി തിരഞ്ഞെടുക്കാമെന്ന തിരിച്ചറിവിൽ രംഗശ്രീ – കമ്മ്യൂണിറ്റി തീയറ്റർ ഗ്രൂപ്പ് രൂപീകൃതമായി
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കാൻ സംസ്ഥാന സർക്കാർ നിർഭയ പദ്ധതി ആവിഷ്കരിച്ചു.
- ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സ്ത്രീകൂട്ടായ്മ ഇതിൽപങ്കാളികളായി.
- ക്രൈം മാപ്പിംഗ് ഇഷ്യൂ മാപ്പിംഗ് എന്നിവയിലൂടെ അതിക്രമത്തിനിരയാവുന്ന സ്ത്രീകളുടേയും കുട്ടികളുടേയും എണ്ണം വർദ്ധിച്ചു എന്ന് മനസ്സിലാക്കി.

- നിലവിലെ സഹായ പിന്തുണ സംവിധാനങ്ങൾ പലപ്പോഴും ഇവർക്ക് അപ്രാപ്യമാണെന്ന ബോധ്യം കുടുംബശ്രീ സംവിധാനകത്തിനകത്ത് ഇത്തരമൊരു സഹായകേന്ദ്രം ആരംഭിക്കേണ്ട ആവശ്യകതയിലേക്ക് വിരൽ ചൂണ്ടി.
- തദ്ദേശസ്വയംഭരണ തലത്തിൽ ജെൻഡർ കോർണറുകളും ജില്ലാ തലത്തിൽ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് രൂപീകരണവും നടന്നു.
- ഏറ്റവും വലിയ മൂന്നാമത്തെ സംഘടിത കുറ്റകൃത്യമായ മനുഷ്യക്കടത്ത് തടയുക എന്ന ലക്ഷ്യത്തോടെ മൂന്ന് ബ്ലോക്കുകളിൽ പ്രത്യേക പദ്ധതി നടപ്പിലാക്കി.
- ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകുകയും തുടർന്ന് ട്രാഫിക്കിംഗ് കാരണങ്ങൾ, പ്രാദേശികമായ പ്രത്യേകതകൾ ട്രാഫിക്കിംഗിന് ഇരയായവർ എന്നിവരെ കണ്ടെത്തുന്നതിനുമായി സിറ്റുവേഷണൽ അനാലിസിസ് നടത്തുകയും ചെയ്തു. 1007 ഹൈ റിസ്ക് ഗ്രൂപ്പ് അംഗങ്ങളെ കണ്ടെത്തി ഉപജീവന പദ്ധതികളിൽ പങ്കാളികളാക്കി.
- 

# മൂന്നാം പഠനസഹായി- സ്ത്രീയും സഞ്ചാര സ്വാതന്ത്ര്യവും

- നാല് ഘട്ടങ്ങളായാണ് മൂന്നാം പഠന സഹായി പ്രവർത്തനങ്ങൾ അയൽക്കൂട്ട തലങ്ങളിൽ നടത്തുന്നതിന് തീരുമാനിച്ചത്.
- സമൂഹവും സഞ്ചാരവും
- സഞ്ചാരവും അതിക്രമങ്ങളും
- സഞ്ചാരവും അവസരങ്ങളും
- സഞ്ചാരവും അവകാശങ്ങളും
- സമൂഹവും സഞ്ചാരവും എന്ന പ്രധാന വിഷയത്തെ 14 ഉപ വിഷയങ്ങളാക്കി മാറ്റി
- ചലനാത്മകതയിൽ വിദ്യാഭ്യാസത്തിന്റെ സ്വാധീനം
- ചലനാത്മകതയിൽ മതത്തിന്റെ സ്വാധീനം
- ചലനാത്മകതയിൽ ലഭ്യമായവിവരങ്ങളുടെസ്വാധീനം
- ചലനാത്മകതയിൽ മനോഭാവത്തിന്റെ സ്വാധീനം
- ചലനാത്മകതയിൽ മാധ്യമങ്ങളുടേയും ആശയവിനിമയത്തിന്റെയും സ്വാധീനം
- ചലനാത്മകതയിൽ അടിസ്ഥാന സൗകര്യങ്ങളുടെ സ്വാധീനം
- ചലനാത്മകതയിൽ പൊതുമണ്ഢലത്തിന്റെ സ്വാധീനം
- ചലനാത്മകതയിൽ വ്യക്തിത്വത്തിന്റെയും സാമൂഹ്യ നിർമ്മിതിയുടേയും സ്വാധീനം
- ചലനാത്മകതയിൽ സ്വത്വത്തിന്റേയും ശരീരഘടനയുടേയും സ്വാധീനം

- ചലനാത്മകതയിൽ സാമൂഹ്യഘടനയുടെ
- ചലനാത്മകതയിൽ സാമൂഹ്യ സ്ഥാപനങ്ങളുടെ സ്വാധീനം
- ചലനാത്മകതയിൽ അധികാരബന്ധങ്ങളുടെ സ്വാധീനം
- ചലനാത്മകതയിൽ തൊഴിലിന്റേയും തൊഴിൽ പങ്കാളിത്തത്തിന്റേയും സ്വാധീനം
- ചലനാത്മകതയിൽ സംസ്കാരത്തിന്റെ സ്വാധീനം
- ഇവ ചർച്ചയ്ക്കായി അയൽക്കൂട്ടങ്ങളിൽ നൽകി. അയൽക്കൂട്ടങ്ങളിൽ നടന്ന ചർച്ചകളുടെ തുടർച്ചയെന്നോണം അയൽക്കൂട്ട കുടുംബാംഗങ്ങളുടെ കുടുംബ സംഗമങ്ങൾ, വനിതാ കായികമേളകൾ നടന്നു.
- ഇവയെല്ലാം തുടർപ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് പഠനസഹായിയുടെ ഭാഗമായി രൂപംകൊണ്ട ആക്ടിവിറ്റി ഗ്രൂപ്പുകളായി നിലകൊള്ളുന്നു.

# മൂന്നാംപഠനസഹായി- രണ്ടാംഘട്ടം- സഞ്ചാരവും അതിക്രമങ്ങളും- വള്‍ണറബിലിറ്റി മാപ്പിംഗ്

- ഒരു പ്രദേശത്തെ പ്രധാന ക്ലേശ ഘടകങ്ങളേയും, മനുഷ്യരെയും പ്രകൃതിയെയും പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുകയും ചെയ്യുന്ന പ്രശ്നങ്ങളെ രേഖപ്പെടുത്തുന്ന ഒരു പഠന പ്രവര്‍ത്തനത്തനം.
- പ്രാഥമിക വിവരശേഖരണം
- ദ്വിദീയ വിവരശേഖരണം
- സ്ഥാപന വിശകലനം
- കുടുംബശ്രീ സംഘടനാ സംവിധാന വിശകലനം
- ഫോക്കസ് ഗ്രൂപ്പ് ചര്‍ച്ച
- വിഷയാധിഷ്ഠിത ചര്‍ച്ചകള്‍

- എന്നീ രീതിശാസ്ത്രങ്ങള്‍ ഉപയോഗിച്ചാണ് ആവശ്യമായ വിവരങ്ങള്‍ ശേഖരിച്ചത്. ഇതിന് മുന്നോടിയായി പരിശീലനങ്ങള്‍, വിളബംരജാഥകള്‍, വകുപ്പുകളുടെ സംയോജിത മീറ്റിംഗുകള്‍ തുടങ്ങിയവ സംഘടിപ്പിച്ചു.
- ആദ്യഘട്ടമായി 28 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലും രണ്ടാംഘട്ടമായി 140 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലും വള്‍ണറബിലിറ്റി മാപ്പിംഗ് സംഘടിപ്പിക്കപ്പെട്ടു.

- തദ്ദേശ സ്വയം ഭരണ പ്രദേശത്തെ വിവിധ സ്ത്രീശാക്തീകരണ– ലിംഗ നീതി ഉറപ്പാക്കൽ പ്രവർത്തന പരിപാടികൾക്ക് പിന്തുണ നല്കുന്ന ഒരു കേന്ദ്രമാണ് ജെൻഡർ റിസോഴ്സ് സെന്റർ. 14 ജില്ലകളിലായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ **120 ജെൻഡർ റിസോഴ്സ് സെന്ററുകൾ** പ്രവർത്തിക്കുന്നു.
- 14 ജില്ലകളിലായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ **75 ബ്ലോക്ക് തല കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്ററുകൾ** ആരംഭിച്ചു.
- **357** കമ്മ്യൂണിറ്റി കൗൺസിലേഴ്സിന് പരിശീലനം നൽകി വിന്യസിച്ചു. പ്രാദേശികമായും ജെൻഡർ റിസോഴ്സ് സെന്ററുകളിലും കൗൺസിലർമാരുടെ സേവനം ലഭ്യമാവുന്നു.
- കുടുംബശ്രീ വനിതകളായ 37 പേരെ നാടകാവതരണം , തിരക്കഥാ രൂപീകരണം , കോസ്റ്റ്യൂം പ്രോപ്പർട്ടി നിർമ്മാണം തുടങ്ങിയവ പരിശീലിപ്പിച്ച് മാസ്റ്റർ പരിശീലകരാക്കി രംഗശ്രീ തീയറ്റർ ഗ്രൂപ്പ് ആരംഭിച്ചു.
- അതിക്രമങ്ങളെ തടയുന്നതിനും പ്രതിരോധിക്കുന്നതിനും വാർഡ് തലത്തിൽ 10 മുതൽ 15 വരെ അംഗങ്ങൾ ഉള്ള വിജിലന്റ് ഗ്രൂപ്പ് പ്രവർത്തിക്കുന്നു .

- പതിനാല് ജില്ലകളിലേയും കുടുംബശ്രീ അംഗങ്ങൾ ജില്ലയിലെ ചരിത്രപ്രധാന്യവും പ്രകൃതിയെയും തിരിച്ചറിയുന്നതിനായി അതത് ജില്ലയിലെ ഇടങ്ങളിലേക്ക് യാത്ര നടത്തി എല്ലാവരും യാത്രാ കുറിപ്പുകൾ തയ്യാറാക്കി. ഈ യാത്രാ കുറിപ്പുകളുടെ സമാഹാരം കുടുംബശ്രീ തലത്തിൽ നടത്തി പുസ്തകരൂപത്തിലാക്കി അന്തരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് "നമുക്ക് കേരളം കാണാം" എന്ന പേരിൽ പ്രകാശനം ചെയ്തു
- "വരയുടെ പെണ്മ" എന്ന പേരിൽ കൊച്ചി മുസിരിസ് ബിനാലെയുടേയും കുടുംബശ്രീയുടേയും സംയുക്ത ആഭിമുഖ്യത്തിൽ ആർട്ട് ഫെസ്റ്റിവലും പരിശീലനക്കളരിയും രണ്ടു തവണയായി സംഘടിപ്പിച്ചു
- കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിത കലാ അക്കാദമി എന്നിവരുടെ സഹകരണത്തോടെ സാഹിത്യം, ചിത്രരചന, നാടകം എന്നീ മേഖലകളിൽ "ആവിഷ്കാര" എന്ന പേരിൽ ക്യാമ്പ് സംഘടിപ്പിച്ചു.

# നീതം ജെൻഡർ ക്യാമ്പയിൻ

- *സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേ നടക്കുന്ന അതിക്രമങ്ങളെ തടയുന്നതിനും പ്രാദേശികമായി പ്രതിരോധപ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമായി നീതം ജെൻഡർ ക്യാമ്പയിൻ സംഘടിപ്പിക്കപ്പെട്ടു.*
- അയൽക്കൂട്ടതലം മുതൽ ജില്ലാ തലം വരെ വിവിധഘട്ടങ്ങളിലായാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്.
- 253906 അയൽക്കൂട്ടങ്ങളിൽ പ്രവർത്തനത്തിന്റെ ഭാഗമായി ചർച്ചകളും പ്രതിരോധ പ്രവർത്തനങ്ങളുടെ ആസൂത്രണവും കർമ്മ പരിപാടികളുടെ രൂപീകരണവും നടന്നു.
- 1050 സി ഡി എസ്സുകളിൽ സി ഡി എസ് തല സഹയാത്രാ സംഗമവും സംഘടിപ്പിക്കപ്പെട്ടു.
- അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ജില്ലാ തല പരിപാടികളും സംഘടിപ്പിക്കപ്പെട്ടു
- ഇതോടൊപ്പം തിരഞ്ഞെടുത്ത കുടുംബശ്രീ അംഗങ്ങൾ അവരുടെ പ്രചോദനപരമായ അനുഭവങ്ങൾ പ്രതിധ്വനി- ടോക് ഷോയിലൂടെ ജില്ലാ സംസ്ഥാന തലങ്ങളിൽ പങ്ക് വെച്ചു
- ക്യാമ്പയിന്റെ ഭാഗമായി കേരള ചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടെ എല്ലാ ജില്ലകളിലും ബ്ലോക്ക് തലത്തിൽ ചലച്ചിത്ര പ്രദർശനം നടത്തി.
-

നന്ദി